ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കും (200 യൂണിറ്റിന് താഴെ) കാർഷിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നത്.

എന്നാൽ സംസ്ഥാനത്ത് ലഭ്യമാകുന്ന മേൽപ്പറഞ്ഞ സ്രോതസ്സുകളിൽ നിന്നുള്ള ചെലവ് കുറഞ്ഞ വൈദ്യുതി ഇന്റർമീഡിയറി കമ്പനിവഴി സ്വകാര്യ സപ്ലൈ ലൈസൻസികൾക്ക് ലഭിക്കുന്നപക്ഷം ടി കമ്പനിയിൽ താൽപ്പര്യമുള്ള വൻകിട ഉപഭോക്താക്കൾക്ക് വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നതും, നിലവിലുള്ള ക്രോസ് സബ്സിഡി ഇല്ലാതാകുന്നതുമാണ്.

കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഇൻകൃംബന്റ് സപ്ലൈ ലൈസൻസിക്ക് ഗാർഹിക കാർഷിക ഉപഭോക്താക്കൾക്കും, അനാഥാലയങ്ങൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകും. ഇത് സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പ്രതിബദ്ധതയെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ സംസ്ഥാനത്ത് ഒരു ഇന്റർമീഡിയറി കമ്പനി ആവശ്യമില്ലെന്ന അഭിപ്രായം ടി കരട് ബിൽ പരിശോധിക്കുന്ന പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ട്.

തകർച്ച നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

29(*209) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ മൂന്നു വർഷമായി പൊതുമേഖലാസ്ഥാപനങ്ങൾ വൻനഷ്ടം നേരിടുന്നതായ വാർത്തകളിൽ ഗൗരവതരമായ വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ പൊതുമേഖലാസ്ഥാപനങ്ങൾ ഇത്തരത്തിൽ തകർച്ച നേരിടുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊതുമേലാസ്ഥാപനങ്ങളുടെ വളർച്ചയും നിലനില്പിനും സഹായകരമായ നിലപാട് സ്വീകരിക്കുമോ ;

(ഇ) മുൻസർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചുവന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ നഷ്ടത്തിലായിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നു. ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ നാല് വർഷമായി കാഴ്ചവച്ചിട്ടുള്ളത്.

(സി&ഡി) ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. എന്നിരുന്നാലും മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും ചെലവ് ചുരുക്കുന്നതിന്റെയും ഭാഗമായി ഇ-പേയ്മെന്റ് സംവിധാനത്തോട് കൂടിയുള്ള ഇ-പ്രോക്യൂർമെന്റ് നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2010-11) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം നഷ്ടത്തിലാണ് പ്രവർത്തിച്ചത്.

1. The Kerala Minerals and Metals Ltd.
2. Transformers and Electricals Kerala Ltd.

LIBRARY ARCHIVES Kerala Legislative Assembly

3. Travancore Titanium Products Ltd.

4. Steel and Industrial Forgings Ltd.

5. Kerala State Drugs & Phramaceuticals Ltd.

6. Sitaram Textiles Ltd.

7. Traco Cable Company Ltd.

8. Kerala State Handloom Weavers Co-operative Society (HANTEX)

9. The Malappuram Co-operative Spinning Mills Ltd.

10. Alleppey Co-operative Spinning Mills

11. Kerala State Palmyrah Products Development & Workers Welfare Corporation Ltd. (KELPALM)

സി.&എ. ജി. റിപ്പോർട്ട്

30(*210) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷം സി&എ.ജി. റിപ്പോർട്ടിൽ ധന നടത്തിപ്പിലെ പരാമർശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ദൈനംദിന ചെലവ് നടത്തുന്നതിന് കടമെടുക്കുന്ന പണത്തെ ആശ്രയിക്കുന്നതിനെക്കുറിച്ച് സി.&എ.ജി.-യുടെ വിലയിരുത്തലുകൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) സി&എ.ജി. നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ലെന്ന തരത്തിലുള്ള എന്തെങ്കിലും ധനമാനേജ്മെന്റിന്റെ വീഴ്ച ഈ റിപ്പോർട്ടിലും ആവർത്തിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly